അഴിമതിക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി

95. [1919] ശ്രീ. ജോർജ്. ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജോലിയിൽ കുഴപ്പം കാട്ടുകയും അഴിമതി നടത്തുകയും ചെയ്യുന്ന ഉദ്യോഗസ്ഥരെ ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ;

(ബി) എങ്കിൽ 1995-96-ൽ എത്ര പേരെ ഒഴിവാക്കി ;

(സി) എത്ര ഉദ്യോഗസ്ഥൻമാരെ ശിക്ഷിച്ചു ?

ഉത്തരം.

(എ) ജോലിയിൽ കുഴപ്പം കാട്ടുകയും അഴിമതി നടത്തുകയും ചെയ്യുന്ന ഉദ്യോഗസ്ഥൻമാരുടെ പേരിൽ നിലവിലുള്ള നിയമങ്ങൾക്കനുസൃതമായി ശിക്ഷണ നടപടികളും സ്വീകരിക്കുന്നുണ്ട്.

(ബി) 1995-96-ൽ ലഭിച്ച റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ കുറ്റക്കാരായ ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. മേൽപറഞ്ഞ കാരണത്താൽ ആരെയും ഒഴിവാക്കിയിട്ടില്ല.

(സി) നടപടി പൂർത്തിയായിട്ടില്ല.

II ചോദ്യത്തിനുള്ള മറുപടിയിലെ തിരുത്ത്

തൊഴിലും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) : സർ, 26-3-1994-ലെ നക്ഷത്രചിഹ്നമിടാത്ത 185-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരത്തിൽ തെറ്റുകൾ കടന്നു 9.30 a.m. കൂടിയിരുന്നു. തിരുത്തിയ ഉത്തരം സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. സി.ടി. അഹമ്മദ് അലി) : സർ, 26-7-1995-ലെ നക്ഷത്രചിഹ്നമിടാത്ത 3550-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരത്തിനുമേൽ തെറ്റുകൾ കടന്നുകൂടിയിട്ടുണ്ട്. തിരുത്തിയ ഉത്തരം സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly